# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ലൈഫ് സൈക്കിൾ പൂർത്തിയാക്കിയ സോഫ്റ്റ്‌വെയർ പ്രൊജക്ടുകൾ നോഡൽ ഓഫീസർക്ക് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ - വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**പരീക്ഷാ വിഭാഗം ഇ.എ II സെക്ഷൻ**

നം. 780/ഇ എ II/2/202/2018/പരീക്ഷ തിയതി, പ്രിയദർശിനി ഹിൽസ്, 24/01/2018

പരാമർശം : 1. CETEX സെക്ഷനിൽ നിന്നുള്ള 19/10/2017 തിയതിയിലെ കുറിപ്പ്
2. 01/01/2018 തീയതിയിലെ ഭരണവിഭാഗം ഉത്തരവ് നം. 119/എ 1/2/2017 /ഭരണവിഭാഗം

## ഉത്തരവ്

പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും വിദ്യാർഥി സമൂഹം സമീപിക്കുന്നത് ടാബുലേഷൻ സെക്ഷനുകളെ ആണെന്നിരിക്കെ, ടാബുലേഷൻ സെക്ഷനുകളുടെ ക്രമമായും സുഗമമായുമുള്ള പ്രവർത്തനത്തിന് ലൈഫ് സൈക്കിൾ പൂർത്തിയാക്കിയ എല്ലാ സോഫ്റ്റ്‌വെയർ പ്രൊജക്ടുകളും ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകളിൽ സമയബന്ധിതമായി വിന്യസിപ്പിക്കുകയും, പരീക്ഷാ നടത്തിപ്പ് പൂർണ്ണമായും സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയന്ത്രണത്തിൽ ടാബുലേഷൻ സെക്ഷനുകളെ ഏല്പിക്കുകയും ചെയ്യണമെന്നും, കോളേജ് പ്രവേശനം മുതൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതു വരെയുള്ള വിദ്യാർത്ഥികളുടെ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തി സൂക്ഷിച്ചുവയ്ക്കാനുള്ള സംവിധാനങ്ങളും ഇത്തരം സോഫ്റ്റ്‌വെയറിലൂടെ സാധ്യമാവണം എന്നും, ലൈഫ് സൈക്കിൾ പൂർത്തിയാക്കിയ എല്ലാ സോഫ്റ്റ്‌വെയർ പ്രൊജക്ടുകളുടെയും ഡോക്യുമെന്റേഷൻ പൂർത്തിയാക്കി നോഡൽ ഓഫീസർക്ക് കൈമാറ്റം ചെയ്യേണ്ടതുണ്ട് എന്നും CETEX സെക്ഷൻ നൽകിയ പരാമർശം (1) പ്രകാരമുള്ള കുറിപ്പിൽ പറയുന്നു. കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്രോഗ്രാമർമാർ കരാറു തീരുന്ന മുറക്ക് വിടുതൽ നേടണമെന്ന് ഉത്തരവാക്കിയിരിക്കയാൽ ഈ കൈമാറ്റം എത്രയും വേഗം ചെയ്യേണ്ടതുണ്ട് എന്നും പറഞ്ഞിരിക്കുന്നു.

ഇതു നടപ്പിൽ വരുത്തുന്നതിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ വൈസ് ചാൻസലറുടെ പരിഗണനക്കായി സമർപ്പിച്ചിരുന്നു:

1. കൈമാറ്റം ചെയ്യപ്പെടേണ്ട സോഫ്റ്റ്‌വെയറുകളുടെ യൂസർ ലെവൽ നിശ്ചയിച്ച്, ഡോക്യുമെന്റേഷന് ഒരു ഏകീകൃത രൂപ രേഖ തയ്യാറാക്കി കൈമാറ്റ പ്രക്രിയ സുഗമവും ത്വരിതവും ആക്കുന്നതിനായി, ഈ മേഖലയിൽ വൈദഗ്ധ്യമുള്ള ഒരു ഓഫീസറുടെ നേതൃത്വത്തിൽ ഒരു സെക്ഷൻ CETEX ഫംഗ്ഷണൽ യൂണിറ്റിനോടനുബന്ധമായി, താൽകാലികമായി രൂപീകരിക്കുക. പരാമർശം (2) പ്രകാരമുള്ള സെക്ഷൻ നിലവിൽ വരുമ്പോൾ ഈ സെക്ഷൻ പ്രസ്തുത സെക്ഷനിൽ ലയിപ്പിക്കാവുന്നതാണ്.
2. ഡോക്യുമെന്റേഷൻ ചെയ്ത സോഫ്റ്റ്‌വെയറുകൾ സെക്ഷനുകൾക്ക് കൈമാറ്റം ചെയ്യേണ്ട തിയ്യതി നിശ്ചയിക്കുകയും അപ്രകാരം സിസ്റ്റം അനലിസ്റ്റ് ഇൻ ചാർജ് ഓഫ് സിസ്റ്റം മാനേജരെ ചുമതലപ്പെടുത്തുകയും ചെയ്യുക.
3. പരീക്ഷാ വിഭാഗത്തിൽ നിയമിതരായിട്ടുള്ള ഉദ്യോഗസ്ഥരിൽ നിന്നും ICT മേഖലയിൽ പരിജ്ഞാനമുള്ളവരെ തിരഞ്ഞെടുത്ത് 10 പേരടങ്ങുന്ന ഒരു Virtual IT Cadre ഉണ്ടാക്കി, വ്യക്തമായ ഒരു പ്രവർത്തന രൂപ രേഖ ഉണ്ടാക്കുക.

ടി നിർദ്ദേശങ്ങൾ വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

സുരേഷ് കുമാർ കെ. ആർ

അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷാ വിഭാഗം)

പരീക്ഷാ കൺട്രോളർക്കു വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസലർ /പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
3. സി.ഇ സെക്ഷൻ
4. ജെ ആർ I/എ ആർ XI (പരീക്ഷാ വിഭാഗം )
5. ഡി.ആർ IV (നോഡൽ ഓഫീസർ - CETEX)
6. സിസ്റ്റം അനലിസ്റ്റ് ഇൻ ചാർജ് ഓഫ് സിസ്റ്റം മാനേജർ
7. CETEX സെക്ഷനിലേക്ക് ഫയൽ സഹിതം തുടർ നടപടികൾക്കായി
8. ഐ ക്യു എ സി /കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
9. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ